"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2024-25 വർഷത്തെ പ്രത്യേക ഉത്സവബത്ത അനുവദിച്ചത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പബ്ലിക് അണ്ടർടേക്കിംഗ്സ് - സി) വകുപ്പ്

സ.ഉ.(അച്ചടി) നം.109/2025/FIN തിരുവനന്തപുരം, തീയതി, 28-08-2025

പരാമർശം:- 1. 26.08.2025 തീയതിയിലെ സ.ഉ. (അച്ചടി) നം.107/2025/ധന.

2. 22.08.2025 തീയതിയിലെ സ.ഉ.(അച്ചടി) നം.78/2025/തൊഴിൽ.

ഉത്തരവ്

പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസിന് അർഹതയില്ലാത്ത ജീവനക്കാർക്ക് താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 2024-25 വർഷത്തെ പ്രത്യേക ഉത്സവബത്തയായി 3000/- രൂപയും (മൂവായിരം രൂപ മാത്രം) ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1460/- രൂപയും (ആയിരത്തി നാന്നൂറ്റി അറുപതു രൂപ മാത്രം) പൊതുമേഖലാ സർവീസിൽ നിന്നും വിരമിച്ച ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർക്ക് 1250/- രൂപയും (ആയിരത്തി ഇരുന്നൂറ്റി അൻപതു രൂപ മാത്രം) അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) സ്ഥാപനം പ്രവർത്തനമാരംഭിച്ച വർഷം തന്നെ ബോണസ് ലഭ്യമാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ.

ii) 31/03/2025-നോ അതിനു മുമ്പോ വിരമിച്ചതും/ വിടുതൽ ചെയ്യപ്പെട്ടതും എന്നാൽ 2024-25 സാമ്പത്തിക വർഷം തുടർച്ചയായി 6 മാസം സേവനം അനുഷ്ഠിച്ചിട്ടുള്ളതുമായ ജീവനക്കാർ ഈ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ പ്രകാരം അർഹരാണെങ്കിൽ 2024-25-ലെ പ്രത്യേക ഉത്സവബത്തയ്ക്ക് അർഹതയുള്ളവരായിരിക്കും.

iii) കഴിഞ്ഞ വർഷം ഓണാവധിക്കു ശേഷം ജോലിയിൽ പ്രവേശിച്ചതും ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയിൽ സർവീസിലുള്ളതുമായ റെഗുലർ/ താല്ക്കാലിക ജീവനക്കാർ,

2025-ലെ നാലാം ഓണദിവസത്തിന് മുൻപ് സർവീസിൽ പ്രവേശിച്ച റെഗുലർ ജീവനക്കാർ.

iv) 2024-25 സാമ്പത്തിക വർഷത്തിൽ 6 മാസത്തെ തുടർച്ചയായ സർവീസ് പൂർത്തിയാക്കി ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിക്ക് മുമ്പേ വിടുതൽ ചെയ്ത കരാർ ജീവനക്കാർ (contract employees), 2024-25 സാമ്പത്തിക വർഷത്തിൽ 6 മാസത്തെ തുടർച്ചയായ സർവീസുള്ളതും ഈ ഉത്തരവ് തീയതിയിൽ സർവീസിലുള്ളതുമായ കരാർ ജീവനക്കാർ (contract employees).

v) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണലായി നിയമനം ലഭിച്ചതും ഒന്നാം ഓണത്തിന് മുൻപ് (04/09/2025) സേവനത്തിലുള്ളതും എന്നാൽ നാലാം ഓണത്തിനു മുൻപ് (07/09/2025) സേവനം അവസാനിപ്പിച്ച് സർവീസിൽ നിന്നും വിടുതൽ ചെയ്യപ്പെടാനിടയില്ലാത്തതുമായ ജീവനക്കാർ, അവരുടെ സേവനം ദൈർഘ്യം കണക്കിലെടുക്കാതെ അർഹരാണ്.

vi) ഒന്നാം ഓണത്തിനു മുൻപ് (04/09/2025) സേവനത്തിലുള്ളതും എന്നാൽ നാലാം ഓണത്തിനുമുമ്പ് (07/09/2025) സേവനത്തിൽ നിന്നും നീക്കം ചെയ്യാനിടയില്ലാത്തതുമായ ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക്.

vii) പ്രത്യേക ഉത്സവബത്തയ്ക്ക് മാത്രം അർഹതയുള്ള മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അധികമായി മറ്റെന്തെങ്കിലും പേരിലോ രൂപത്തിലോ ഉള്ള പ്രതിഫലം അനുവദിക്കുകയാണെങ്കിൽ ആയത് ടി സ്ഥാപനങ്ങളുടെ CEO-മാരുടെ വ്യക്തിഗതമായ ബാധ്യതയായി കണക്കാക്കി തിരിച്ചു പിടിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SOBHA V R
അഡിഷണൽ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്
4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും / ബോർഡുകളുടെയും/ കോർപ്പറേഷന്റെയും

ചീഫ് എക്സിക്യൂട്ടീവ്സ്.

5. ലേബർ കമ്മീഷണർ, തിരുവനന്തപുരം
6. എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർ/അഡിഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
7. ഗവർണറുടെ സെക്രട്ടറി
8. മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
9. സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
12. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3245760/PU-C1/210/2024-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ